## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2983 | 07.12.2018 -ൽ മറുപടിക്ക്.

## കെട്ടിട നിർമ്മാണ മേഖലയിലെ സുരക്ഷാ പ്രശ്നങ്ങൾ

ചോദ്യം

**ശ്രീ.എം.ഉമ്മർ :**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**

(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻ ഓഫ് സർവ്വീസ്) നിയമത്തിലും ചട്ടങ്ങളിലും അനുശാസിക്കുന്ന പ്രകാരമുള്ള സുരക്ഷാ നിബന്ധനകൾ പാലിക്കാത്തതുമൂലം കെട്ടിട നിർമ്മാണ മേഖലയിൽ അപകടങ്ങൾ വർദ്ധിക്കുന്നതായ കാര്യം പരിശോധിച്ചിട്ടുണ്ടോ, വിശദമാക്കുമോ ; | (എ) | പരിശോധിച്ചിട്ടുണ്ട്<br>ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കാതെ സംസ്ഥാനത്ത് പല ഭാഗത്തും ഫ്ളാറ്റുകളുടെയും ഉയർന്ന കെട്ടിടങ്ങളുടെയും നിർമ്മാണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി തൊഴിൽ വകുപ്പ് നടത്തിയ സ്പെഷ്യൽ സ്ക്വാഡ് പരിശോധനയിൽ സുരക്ഷാ സംവിധാനം ഒരുക്കാതെ 71 സ്ഥാപനങ്ങൾ നിർമ്മാണ പ്രവർത്തനം നടത്തിവന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇപ്രകാരം കണ്ടെത്തിയ നിയമലംഘനങ്ങൾക്കെതിരെ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ നിയമം 1979, കരാർ തൊഴിലാളി നിയമം 1970, ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമം 1996 എന്നീ നിയമങ്ങൾ പ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പുകളാണ് സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നത്. കൂടാതെ നിർമ്മാണം നടക്കുന്ന സ്ഥലത്ത് അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾതന്നെ ഇൻസ്പെക്ടർമാർ സ്ഥല പരിശോധന നടത്താറുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ |

| | | | |
|---|---|---|---|
| | | | പാലിക്കാതെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടാൽ പ്രവർത്തനം പൂർണ്ണമായും നിർത്തിവയ്ക്കുന്നതിന് തൊഴിലുടമയ്ക്കും കോൺട്രാക്ടർക്കും നിർദ്ദേശം നൽകുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പരിശോധനകൾക്കായി ഓരോ ജില്ലകളിലും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരെയും അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-1 നെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. നിയമ പ്രകാരം എല്ലാ നിർമ്മാണ പ്രവർത്തികളും സംബന്ധിച്ച് ബന്ധപ്പെട്ട ഇൻസ്പെക്ടറെ തൊഴിലുടമ അറിയിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥ പാലിക്കാത്ത സാഹചര്യങ്ങളിൽ നിർമ്മാണ സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമായ മേൽ നടപടി സ്വീകരിച്ചുവരുന്നു |
| (സി) | കെട്ടിട നിർമ്മാണ മേഖലയിൽ സുരക്ഷാ ഓഡിറ്റ് നിർബന്ധമാക്കുന്നതിനും തൊഴിൽ വകുപ്പ് ഹെൽത്ത് ആന്റ് സേഫ്റ്റി മാന്വൽ പ്രകാരം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (സി) | സ്വീകരിക്കുന്നതാണ്. |

Smith

സെക്ഷൻ ഓഫീസർ